**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6294 03.04.2018 -ലെ മറുപടിക്ക്**

**പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുവാൻ ഭൂമി നൽകുന്ന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുവാൻ ഭൂമി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയില്ലാത്തതും പാരമ്പര്യ സ്വത്തിന്റെ ഓഹരിയായി 3 സെന്റ് ഭൂമി ലഭിക്കാനിടയില്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതിയ്ക്ക് അർഹതയുണ്ട്. ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റുകളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നു. വാർഡ് സഭ/ ഗ്രാമ സഭ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വകുപ്പ് നേരിട്ട് പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ അർഹതാ മാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുൻസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷനിൽ 3 സെന്റിന് 6,00,000/- രൂപയും നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കുടുംബാംഗങ്ങളുടെ പരിധിയിൽ, ഭാര്യയുടെ പിതാവിന്റെ പേരിൽ സ്ഥലം ഉള്ളതിനാൽ ഭർത്താവിനും മേൽപദ്ധതി പ്രകാരം സ്ഥലം വാങ്ങുവാൻ സഹായം നൽകില്ല എന്ന വ്യവസ്ഥ ഉണ്ടോ ; ആയത് പുനപരിശോധിച്ച് ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (ബി) | ഭാര്യയുടെ പിതാവിന്റെ പേരിൽ വസ്തു ഉണ്ടെങ്കിൽ കുടുംബപരമായി ഭൂമി കിട്ടാൻ ഭാര്യയ്ക്ക് അവകാശമുള്ളത് പരിഗണിച്ച് സഹായം അനുവദിക്കുന്നില്ല. നിലവിലെ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്കാണ് ഭൂമി അനുവദിക്കുന്നത്. കുടുംബപരമായി ഭൂമി ലഭിക്കാനില്ലെന്നും, അഥവാ ലഭിച്ചാൽ ടി ഭൂമി വീട് വയ്ക്കാൻ അനുയോജ്യമല്ലെന്നും ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന സാഹചര്യങ്ങളിൽ മാത്രം വ്യവസ്ഥ ഇളവു ചെയ്ത് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ